# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7 28.06.2016 ൽ മറുപടിക്ക്

## പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിമോടിപിടിപ്പിക്കൽ

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.<br><br>അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 61,47,625/- രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811/- രൂപയും ഫർണിച്ചർ റിപ്പയറിംഗിനും, പോളീഷിംഗിനും 1,62,736/- കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ; | ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായ തുക ചുവടെ ചേർക്കുന്നു.<br>ഓഫീസ് - 4,92,963/-<br>വസതി - 2,83,744/-<br>മൊബൈൽ ഫോൺ- 37,810/-<br>-------------------<br>ആകെ - 8,14,517/-<br>============<br>അതിഥി സൽക്കാരത്തിനായി 1,84,705/-രൂപയും യാത്രാ ബത്ത ഇനത്തിൽ 7,00,978/-രൂപയും ചെലവായിട്ടുണ്ട്. |

| | |
|---|---|
| (സി) ഔദ്യോഗിക വസതിയിലേക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ? | പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി ആകെ 13,60,837/- രൂപ ചെലവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**